بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 17.01.2025

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

# തിരുനബി ചരിത്രം: അബ്ദുല്ലാഹ് ബിൻ റവാഹ, അംറു ബ്നു ഉമയ്യ ദംരി യുദ്ധനീക്കങ്ങൾ

اَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ۝ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۝ الرَّحۡمٰنِ الرَّحِیۡمِ ۝ مٰلِکِ یَوۡمِ الدِّیۡنِ ۝ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ۝ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۝ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ۝

ഇന്ന് വിവരിക്കുന്ന യുദ്ധനീക്കങ്ങളിൽ ഒന്ന് ഉസൈർ ബിൻ റിസാമിന്റെ അടുക്കലേക്ക് നിയോഗിക്കപ്പെട്ട സരിയാ അബ്ദുല്ലാഹ് ബിൻ റവാഹഃ ആകുന്നു. ഈ സൈനിക നീക്കം ഹിജ്റ ആറാം വർഷം ശവ്വാൽ മാസത്തിൽ ആണ് ഉണ്ടായത്. ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: അബൂ റാഫി സലാം ബിൻ ഹഖീഖ് കൊല്ലപ്പെട്ടപ്പോൾ യഹൂദികൾ ഉസൈർ ബിൻ റിസാമിനെ തങ്ങളുടെ നേതാവായി നിശ്ചയിച്ചു. അയാൾ യഹൂദികൾക്കിടയിൽ നിന്നുകൊണ്ട് പറഞ്ഞു: ദൈവത്താണെ! ഞാൻ എന്റെ കൂട്ടുകാർ ആരും ചെയ്യാത്ത ഒരു കർമ്മം ചെയ്യുന്നതാണ്. ഞാൻ ഗത്ഫാൻ ഗോത്രത്തിലേക്ക് പോയി അവരെ എല്ലാവരെയും ഒരുമിച്ചു കൂട്ടി മുഹമ്മദിന്റെ അടുത്തേക്ക് നീങ്ങി വീട്ടിലേക്ക് തള്ളിക്കയറുന്നതാണ്. തങ്ങളുടെ ശത്രുക്കളുടെ വീട്ടിലേക്ക് ഇങ്ങനെ ഇരച്ചു കയറുമ്പോൾ തീർച്ചയായും അവർക്ക് തങ്ങളുടെ ഉദ്ദേശ്യത്തിൽ വിജയം കിട്ടാറുണ്ട്. അങ്ങനെ അയാൾ ഗത്ഫാന്റെയും മറ്റ് ഗോത്രങ്ങളുടെയും അടുക്കലേക്ക് പോയി, അവരെ തിരുനബി(സ)ക്ക് എതിരിൽ യുദ്ധം ചെയ്യുന്നതിനുവേണ്ടി ഒരുമിച്ചുകൂട്ടാൻ തുടങ്ങി.

ഇതിന്റെ വിശദീകരണത്തിൽ ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു, തിരുനബി(സ)ക്ക് ഈ അവസ്ഥകളെ സംബന്ധിച്ച് അറിയിപ്പ് ലഭിച്ചപ്പോൾ ഉടൻ തന്നെ തന്റെ ഒരു അൻസാരി സ്വഹാബിയായ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയെ മറ്റ് മൂന്ന് സ്വഹാബാക്കളോടോപ്പം ഖൈബറിലേക്ക് പറഞ്ഞയക്കുകയുണ്ടായി. അങ്ങനെ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയും അദ്ദേഹത്തിന്റെ കൂട്ടുകാരും പോയി വളരെ രഹസ്യമായി എല്ലാ അവസ്ഥകളെയും സംബന്ധിച്ച് മനസ്സിലാക്കി തങ്ങൾക്കു കിട്ടിയ വാർത്തകൾ എല്ലാം ശരിയാണെന്ന് ഉറപ്പുവരുത്തി തിരിച്ചുവന്നു. ഈ ദിവസങ്ങളിൽ ഒരു അമുസ്ലിം വ്യക്തി, ഖാരിജ ബിൻ ഹിസൈൽ യാദൃശ്ചികമായി ഖൈബറിൽനിന്ന് മദീനയിൽ വന്നിരുന്നു. അയാളും അബ്ദുല്ലാഹ് ബിൻ റവാഹയെ സാക്ഷ്യപ്പെടുത്തി.

ഈ സാക്ഷ്യപ്പെടുത്തലിനുശേഷം തിരുനബി(സ) അബ്ദുല്ലാഹ് ബിൻ റവാഹയുടെ നേതൃത്വത്തിൽ മുപ്പത് സ്വഹാബാക്കളുടെ ഒരു സംഘത്തെ ഖൈബറിലേക്ക് പറഞ്ഞയച്ചു. ഖൈബറിൽ അബ്ദുല്ലാഹ് ബിൻ റവാഹയും ഉസൈർ ബിൻ റിസാമും തമ്മിലുണ്ടായ സംസാരങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്, നബി(സ)യുടെ ഉദ്ദേശം ഉസൈറിനെ മദീനയിലേക്ക് വിളിപ്പിച്ച് അയാളുമായി എന്തെങ്കിലും ഒരു ധാരണയിൽ എത്തണമെന്നും അങ്ങനെ ഈ ഫിത്നയുടെ ശൃംഖല തന്നെ അവസാനിക്കണമെന്നും രാജ്യത്ത് സമാധാനം ഉണ്ടാകണമെന്നും ആയിരുന്നു. ഈ ആഗ്രഹത്തിൽ തിരുനബി(സ) വേണ്ടിവന്നാൽ ഉസൈറിനെ ഖൈബർ പ്രദേശത്തിന്റെ അമീറായി അംഗീകരിക്കുന്നതിനും തയ്യാറായിരുന്നു. ഉസൈർ നേരത്തെ തന്നെ സ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്ന ആളായിരുന്നു, ഇനി മനസ്സിൽ മറ്റെന്തെങ്കിലും ഉദ്ദേശം ആയിരുന്നുവെങ്കിൽപോലും അയാൾക്ക് ഈ അഭിപ്രായം ഇഷ്ടപ്പെട്ടു. അതല്ലെങ്കിൽ തനിക്ക് ഈ അഭിപ്രായം ഇഷ്ടപ്പെട്ടു എന്ന് അയാൾ പ്രകടിപ്പിച്ചു. ഉസൈർ ബിൻ റിസാം, അബ്ദുല്ലാഹ് ബിൻ റവാഹയുടെ സംഘത്തോടൊപ്പം മദീനയിലേക്ക് പുറപ്പെടാൻ തയ്യാറായി. അബ്ദുല്ലാഹ്നെപ്പോലെ അയാളും തന്നോടൊപ്പം 30 യഹൂദികളേയും കൂടെകൂട്ടിയാണ് വന്നത്.

അങ്ങനെ ഇവർ രണ്ടു കൂട്ടരും ഖൈബറിൽനിന്ന് പുറപ്പെട്ട് 6 മെയിൽ ദൂരെയുള്ള ഖർഖറഃ എന്ന സ്ഥലത്ത് എത്തി. അവിടെ എത്തിയപ്പോൾ അസീറിന്റെ മനസ്സു മാറി; അല്ലെങ്കിൽ അയാളുടെ മനസ്സിൽ നേരത്തെ തന്നെ ഉണ്ടായിരുന്ന ദുരുദ്ദേശം ആ സമയം വെളിപ്പെട്ടു എന്നാണ് മനസ്സിലാകുന്നത്. അങ്ങനെ ഈ സ്ഥലത്ത് വെച്ച് തന്നെ മുസ്‌ലീങ്ങളും യഹൂദികളും തമ്മിൽ യുദ്ധം ആരംഭിച്ചു. രണ്ട് സംഘവും എണ്ണത്തിൽ തുല്യരായിരുന്നു. യഹൂദികൾ നേരത്തെ തന്നെ മാനസികമായി തയ്യാറെടുപ്പിലായിരുന്നു; എന്നാൽ മുസ്‌ലീങ്ങൾക്ക് അങ്ങനെ യാതൊരു ഉദ്ദേശവും ഇല്ലായിരുന്നു, പക്ഷെ അല്ലാഹുവിന്റെ അനുഗ്രഹം നോക്കുക, ചില മുസ്‌ലീങ്ങൾക്ക് പരിക്കുപറ്റിയെങ്കിലും അവരിൽ ആർക്കും ജീവനഷ്ടം ഉണ്ടായില്ല. പക്ഷേ മറുഭാഗത്ത് എല്ലാ യഹൂദികളും അവരുടെ വഞ്ചനയുടെ തിക്തഫലം രുചിച്ചുകൊണ്ട് മണ്ണിൽ അമർന്നുപോയി.

സ്വഹാബാക്കളുടെ ഈ സംഘം മദീനയിൽ തിരിച്ചെത്തി. തിരുനബി(സ)യോട് കാര്യങ്ങളെക്കുറിച്ചെല്ലാം അറിയിപ്പ് കൊടുത്തു. മുസ്‌ലീങ്ങൾ സ്വസ്ഥമായി തിരിച്ചെത്തിയതിൽ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് നബി(സ) പറഞ്ഞു: നിങ്ങളെ അക്രമികളായ സംഘത്തിൽനിന്നും മോചിപ്പിച്ച അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും.

അബ്ദുല്ലാഹിബിന് റവാഹയുടെ സംഘം ഉസൈറിനെയും മറ്റും വഴിയിൽ വച്ച് തക്കംപാർത്തു കൊല്ലണം എന്ന ഉദ്ദേശത്തോടുകൂടിയാണ് കൊണ്ടുവന്നതെന്ന് ക്രിസ്തീയ ചരിത്രകാരന്മാർ ഈ സംഭവത്തെ പറ്റി ആക്ഷേപമുന്നയിക്കാറുണ്ട്. പക്ഷേ ചരിത്രത്തിൽ മുസ്‌ലിങ്ങൾ ഈ ഉദ്ദേശത്തോടുകൂടി അവിടെ പോയി എന്നതിനുള്ള യാതൊരു തെളിവും ലഭ്യമല്ല. മറിച്ച് ചിന്തിക്കുകയാണെങ്കിൽ, അല്ലയോ ദൈവത്തിന്റെ ശത്രൂ! നീ ചതിക്കാമെന്നാണോ കരുതിയത്? എന്ന അബ്ദുല്ലാഹ് ബിൻ ഉനൈസിന്റെ വാക്കുകൾ ശ്രദ്ധിക്കുക, അതുപോലെ, നിങ്ങളെ ഒരു ആക്രമികളായ സംഘത്തിൽനിന്ന് രക്ഷിച്ചതിന് അല്ലാഹുവിന് ആണ് എല്ലാ സ്തുതിയും എന്ന തിരുനബി(സ)യുടെ വാക്കുകളും ശ്രദ്ധിക്കുക, ഇതെല്ലാം തന്നെ മുസ്‌ലിങ്ങളുടെ ഉദ്ദേശം തികച്ചും വിശുദ്ധവും സമാധാനത്തിൽ അധിഷ്ഠിതമായിരുന്നുവെന്നും വ്യക്തമാക്കുന്നതാണ്.

ഇനിയുള്ളത് അബൂസുഫിയാന്റെ നേർക്ക് പോയ അംറ് ബിൻ ഉമയ്യ ദംരിയുടെ സരിയ്യ ആകുന്നു. ഇബ്നു ഹിശാം, ഇബ്നു കസീർ, തിബ്‌രി എന്നിവരെല്ലാം ഹിജ്റ നാലാം വർഷത്തിന്റെ അനുബന്ധത്തിൽ റജീഅ് സംഭവത്തിനുശേഷം ആണ് ഇത് വിവരിച്ചിട്ടുള്ളത്. എന്നാൽ ഇബ്നു സഅദും സർക്കാനിയും ഈ സരിയ ഹിജ്റ ആറിലെ സരിയയുടെ അനുബന്ധത്തിലാണ് ചേർക്കുന്നത്. ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) തന്റെ സീറത്ത് ഖാതമുന്നബിയ്യീനിൽ ഈ സരിയ ഹിജ്റ ആറാം വർഷത്തിൽ ആണെന്ന് വിവരിച്ചിട്ടുണ്ട്.

ഈ സരിയയുടെ വിശദീകരണം ഇപ്രകാരമാകുന്നു, അബൂസുഫിയാൻ ഖുറൈശികളുടെ ഏതാനും ആളുകളോട് പറഞ്ഞു: മുഹമ്മദ്(സ) ചന്തയിലൂടെ നടന്നു പോകുമ്പോൾ ഓർക്കാപ്പുറത്ത് അദ്ദേഹത്തെ കൊല്ലാൻ കഴിവുള്ളവരായി നിങ്ങളിൽ ആരുമില്ലേ? അങ്ങനെ അബൂസുഫിയാന്റെ അടുത്ത് ഗ്രാമീണ വാസിയായ ഒരാൾ വന്നു പറഞ്ഞു: നിങ്ങൾ എന്നെ സഹായിക്കുകയാണെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്ക് പോകുകയും ഓർക്കാപ്പുറത്ത് മുഹമ്മദിനെ ആക്രമിക്കുകയും ചെയ്യാം. എന്റെ പക്കൽ കഴുകന്റെ ചിറകുപോലെയുള്ള ഒരു കഠാരയുണ്ട്; അതു കൊണ്ട് ഞാൻ മുഹമ്മദ്(സ)നെ ആക്രമിക്കുന്നതാണ്. പിന്നെ ഞാൻ ഏതെങ്കിലും സംഘത്തോടൊപ്പം ചേരുന്നതാണ്. തുടർന്ന് ഞാൻ ഓടി ആ സംഘത്തെ മറി കടക്കുകയും ചെയ്യും. കാരണം എനിക്ക് വഴികളെ സംബന്ധിച്ച് നല്ല ധാരണയുണ്ട്. അങ്ങനെ അബൂസൂഫിയാൻ അയാൾക്ക് ഒട്ടകവും വഴിചെലവുകളും നൽകി. അയാൾ രാത്രി പുറപ്പെടുകയും മദീനയിൽ എത്തി തിരുനബി(സ)യെക്കുറിച്ച് അന്വേഷിച്ചു തുടങ്ങുകയും ചെയ്തു. അങ്ങനെ നബി(സ)യെ കുറിച്ച് അയാളോട് പറയപ്പെട്ടപ്പോൾ അയാൾ തന്റെ സവാരിയെ തയ്യാറാക്കി നബി(സ)യുടെ അടുക്കലേക്ക് എത്തി. ആ സമയത്ത് നബി(സ) ബനൂഅബ്ദുൽ അശ്ഹലിന്റെ മസ്ജിദിലാണ് ഉണ്ടായിരുന്നത്.

തിരുനബി(സ) അയാളെ കണ്ടപ്പോൾ പറഞ്ഞു: തീർച്ചയായും ഇയാൾ ചതിക്കാൻ ഉദ്ദേശമുള്ള വ്യക്തിയാകുന്നു. അല്ലാഹു അയാൾക്കും അയാളുടെ ഉദ്ദേശത്തിനുമിടയിൽ തടസ്സമായി നിന്നു. അങ്ങനെ അയാൾ തിരുനബി(സ)യെ ആക്രമിക്കാൻ തുനിഞ്ഞപ്പോൾ തന്നെ ഉസൈദ് ബിൻ ഹുളൈർ അയാളുടെ പുതപ്പിന്റെ ഉൾഭാഗത്തെ അറ്റം പിടിച്ച് വലിക്കുകയും അങ്ങനെ അയാളുടെ കയ്യിൽനിന്ന് കഠാര വീണു പോകുകയും ചെയ്തു.

അയാൾ എന്നെ രക്ഷപ്പെടുത്തൂ എന്ന് വിളിച്ചു പറയാൻ തുടങ്ങി. ഉസൈദ് അയാളെ കഴുത്തിനു പിടികൂടി പിന്നെ വിടുകയുണ്ടായി. നബി(സ) അയാളോട് ചോദിച്ചു: നീ എന്നോട് ആരാണെന്ന് സത്യമായും പറയുക. അയാൾ പറഞ്ഞു: ഞാൻ അഭയം ചോദിക്കുന്നു. നബി(സ) പറഞ്ഞു: ശരി. (തുടർന്ന്) അയാൾ തന്റെ പേരും അബൂസുഫിയാനുമായി ചെയ്ത കരാറിനെ പറ്റിയും പറയുകയുണ്ടായി. പിന്നെ നബി(സ) അയാളെ വെറുതെ വിട്ടു. ഈ ഔദാര്യത്തിൽ അയാൾ മുസ്‌ലിം ആവുകയും ചെയ്തു.

അബൂസുഫിയാന്റെ ഈ രക്തരൂഷിത പദ്ധതി, മേലിൽ മക്കക്കാരുടെ ഉദ്ദേശങ്ങളെക്കുറിച്ച് ജാഗ്രത പുലർത്തണമെന്ന കാര്യത്തിൽ അനിവാര്യമായി തീർന്നു. അങ്ങനെ തിരുനബി(സ) തന്റെ രണ്ട് സ്വഹാബാക്കൾ ആയ അംറ് ബിൻ ഉമയ്യ ദംരിയെയും സൽമ ബിൻ അസ്‌ലമിനെയും മക്കയിലേക്ക് പറഞ്ഞയച്ചു. അബൂസുഫിയാന്റെ ഈ വധശ്രമത്തെയും അയാളുടെ രക്തപങ്കിലമായ മുൻകാല ചെയ്തികളെയും കണക്കിലെടുത്ത് കൊണ്ട് സന്ദർഭം കിട്ടുകയാണെങ്കിൽ ഇസ്‌ലാമിന്റെ ഈ യുദ്ധശത്രുവിനെ അവസാനിപ്പിക്കുന്നതിന് അവർക്ക് അനുമതി നൽകി. അങ്ങനെ ഉമയ്യയും അദ്ദേഹത്തിന്റെ സുഹൃത്തും മക്കയിലെത്തിയപ്പോൾ ഖുറൈശികൾ വളരെ ജാഗരൂകരായി. (അതു കാരണം) ഈ രണ്ടു സ്വഹാബക്കളും തങ്ങളുടെ ജീവൻ സംരക്ഷിച്ചുകൊണ്ട് മദീനയിലേക്ക് തിരിച്ചു വരികയും ചെയ്തു. വഴിയിൽ അവർക്ക് ഖുറൈശികളുടെ രണ്ട് ചാരന്മാരെ കിട്ടി. അവരെ ഖുറൈശി മൂപ്പന്മാർ മുസ്‌ലീങ്ങളുടെ ചലനങ്ങളും നബി(സ)യുടെ അവസ്ഥകളെ സംബന്ധിച്ചും അറിഞ്ഞുവരാൻ പറഞ്ഞയച്ചത് ആയിരുന്നു. ഇതും ഒരു പക്ഷേ ഖുറൈശികളുടെ മറ്റൊരു രക്തപങ്കിലമായ പദ്ധതിയുടെ തുടക്കമായിരിക്കാം എന്നതിൽ ആശ്ചര്യം ഒന്നുമില്ല. പക്ഷേ അല്ലാഹു അനുഗ്രഹിക്കുകയും ഉമയ്യയും സൽമയും അവരുടെ ഗൂഢപദ്ധതിയെ സംബന്ധിച്ച് മനസ്സിലാക്കുകയും അങ്ങനെ അവർ ആ ചാരന്മാരെ ആക്രമിക്കുകയും അങ്ങനെ ഒരു ചാരൻ കൊല്ലപ്പെടുകയും മറ്റൊരാളെ ബന്ദിയാക്കി അവർ മദീനയിലേക്ക് കൊണ്ടു വരികയും ചെയ്തു.

ബാക്കി ഇൻശാ അല്ലാഹ് പിന്നീട് (വിവരിക്കുന്നതാണ്.) പാക്കിസ്ഥാനിലെ സാഹചര്യങ്ങളെ സംബന്ധിച്ച് ദുആക്ക് വേണ്ടി ഞാൻ പറഞ്ഞു കൊണ്ടിരിക്കാറുണ്ട്. ഇക്കാര്യത്തിൽ പലപ്പോഴും വളരെ കഠിനമായ കാര്യങ്ങൾ വരുന്നുണ്ട്. സംവിധാനവും സർക്കാരും ഉഗ്രവാദികളായ മൗലവിമാരുടെ കൈയിലെ കളിപ്പാവകൾ ആയി മാറി എന്നാണ് തോന്നുന്നത്. നേരത്തെ പള്ളികളുടെ മിനാരങ്ങളും മിഹ്റാബുകളും തകർത്ത വാർത്തകൾ ആണ് വന്നിരുന്നത്. അവർക്ക് അതായിരുന്നു ആക്ഷേപം ഉണ്ടായിരുന്നത്. പക്ഷേ ഇപ്പോൾ അവർ ഡസ്കയിൽ വഴി ഉണ്ടാക്കുക എന്ന കാരണം പറഞ്ഞ് ഇത്രയും സ്ഥലം ഞങ്ങൾ എടുക്കും ബുൾഡോസർ കൊണ്ട് സ്ഥലം നിരപ്പാക്കും എന്നെല്ലാം പറഞ്ഞു നേരത്തെ നോട്ടീസ് അയച്ചിരുന്നു. മസ്ജിദിലെ കുളിമുറിയുടെ കുറച്ച് ഭാഗം ഇതിൽ വരുമായിരുന്നു. എന്നാൽ ബുൾഡോസർ കൊണ്ടുവന്നപ്പോൾ മൗലവിമാർ പറഞ്ഞതനുസരിച്ച് മുഴുവൻ പള്ളിയും തകർത്ത് അതിനെ ശഹീദാക്കി. ഇത് വളരെ പുരാതന പള്ളി ആയിരുന്നു. പാർട്ടീഷനു മുമ്പ് ഹദ്റത്ത് ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബാണ് ഇത് ഉണ്ടാക്കിയതെന്നു തോന്നുന്നു. ഏതായിരുന്നാലും ഇന്ന് ഇവർ ഒരുപാട് അതിരു കടക്കുകയാണ്. അല്ലാഹു തന്നെ അവരെ എത്രയും പെട്ടെന്ന് പിടികൂടുന്നതിനുള്ള സംവിധാനം ഒരുക്കുമാറാകട്ടെ. അവരുടെ കുതന്ത്രങ്ങൾ അവരിൽ തന്നെ തിരിച്ചടിക്കുമാറാകട്ടെ. അതുകൊണ്ട് അഹ്മദികൾ, പ്രത്യേകിച്ച് പാകിസ്ഥാനിലെ അഹ്മദികൾ ദുആകളിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ടതുണ്ട്.

അതുപോലെ, ഫലസ്തീനിനെ സംബന്ധിച്ച് കരാർ ഉണ്ടാക്കുന്നു. ചില സമയത്ത് അത് ആയിക്കഴിഞ്ഞു എന്നും പറയുന്നു, ചിലപ്പോൾ ആയിട്ടില്ല എന്നും പറയുന്നു. കരാറിന് ശേഷം വീണ്ടും അവിടെ അതേ സംഭവങ്ങൾ ആവർത്തിക്കുകയാണ് ചെയ്യുന്നത്. ചില ആളുകൾ ഇതേ തുടർന്ന് അനാവശ്യമായ രീതിയിലുള്ള സന്തോഷപ്രകടനത്തിലും ആണുള്ളത്. പക്ഷേ ഒരു കാര്യം ഓർക്കുക, ദജ്ജാലി ശക്തികളെ ഒരിക്കലും വിശ്വസിക്കാൻ കഴിയില്ല. ഇവർ ഒന്നു പറയുകയും മറ്റൊന്നു ചെയ്യുകയും ചെയ്യുന്നവരാണ്. അതുകൊണ്ട് ഒരുപാട് സന്തോഷത്തിൽ കഴിയേണ്ട കാര്യമൊന്നുമില്ല. അവർക്ക് വേണ്ടിയും ഒരുപാട് ദുആ ചെയ്യേണ്ടിയിരിക്കുന്നു. മുസ്‌ലീങ്ങൾ ബുദ്ധിപൂർവ്വം പ്രവർത്തിച്ചുകൊണ്ട് തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹു മുസ്‌ലിം സമൂഹത്തിന് വിവേകം നൽകുമാറാകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് 3 മർഹൂമീങ്ങളെ അനുസ്മരിക്കുകയുണ്ടായി.

1. സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ റബ്‌വയിൽ നാസിർ ദീവാൻ ആയിരുന്ന ശെയ്ഖ് മുബാറക് അഹ്മദ് സാഹിബ് 2. ഖത്തറിലെ മുഹമ്മദ് മുനീർ അദീൽബി സാഹിബ് 3. റബ്‌വ്‌യിലെ വഖ്ഫ് ജദീദിൽ കമ്പ്യൂട്ടർ സെക്ഷൻ ഇൻചാർജ് ആയിരുന്ന അബ്ദുൽബാരി താരിഖ് സാഹിബ്. ഇവരുടെ ജമാഅത്തീ സേവനങ്ങളെ പരാമർശിക്കുകയും ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുമുണ്ടായി.

ഇവരുടെ മഗ്ഫിറത്തിനും ഉന്നത സ്ഥാന ത്തിനും വേണ്ടി ഹുസൂർ തിരുമനസ്സ് ദുആ ചെയ്തു.

اَلْحَمْدُ لِلّٰہِ نَحمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُوْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوْا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

* * * * * * *

* * *

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 17.01.2025
Malayalam Translation: **Moulavi H. Shamsuddin Kavassery**
Typing & Layout: **Moulavi T. Jamshad Mukkam,** For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516